# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 4565.

28..6..2013-ൽ മറുപടിക്ക്

## മിൽമ പാൽ വില്പന

**ചോദ്യം**

ശ്രീമതി കെ.എസ്. സലീഖ:

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്.
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

(എ) മിൽമയുടെ ശരാശരി പാൽ വിൽപ്പന എത്ര ലിറ്ററാണ്; മേഖല തിരിച്ച് വ്യക്തമാക്കുമോ

(എ) മിൽമയുടെ ഇപ്പോഴത്തെ പ്രതിദിന പാൽ വിൽപ്പന (ശരാശരി) മേഖല തിരിച്ച് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം മേഖലാ യൂണിയൻ - 4.40 ലക്ഷം ലിറ്റർ.
എറണാകുളം മേഖലാ യൂണിയൻ - 3.01 ലക്ഷം ലിറ്റർ.
മലബാർ മേഖലാ യൂണിയൻ - 3.91 ലക്ഷം ലിറ്റർ.

ആകെ : 11.32 ലക്ഷം ലിറ്റർ.

(ബി) മിൽമയുടെ ശരാശരി പ്രതിദിന വരുമാനം എത്ര; പ്രതിദിന ചെലവ് എത്ര; വ്യക്തമാക്കുമോ;

(ബി) മിൽമയുടെ ശരാശരി പ്രതിദിന വിറ്റു വരവും ശരാശരി പ്രതിദിന ചെലവും മേഖല തിരിച്ച് താഴെ കൊടുക്കുന്നു.

| മേഖലാ യൂണിയൻ | പ്രതിദിന വരവ് (രൂപ) | പ്രതിദിന ചെലവ് (രൂപ) |
|---|---|---|
| കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് | 8384346 | 8230089 |
| തിരുവനന്തപുരം മേഖലാ യൂണിയൻ | 18090000 | 17063000 |
| എറണാകുളം മേഖലാ യൂണിയൻ | 11799530 | 11585030 |
| മലബാർ മേഖലാ യൂണിയൻ | 197.04 ലക്ഷം | 191.92 ലക്ഷം |

(സി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഒരു ലിറ്റർ പാലിന് മിൽമ എത്ര രൂപ ഈടാക്കിയിരുന്നു; എത്ര പ്രാവശ്യമാണ് ഈ സർക്കാർ വന്നശേഷം പാൽവില വർദ്ധിപ്പിച്ചത്; ഇതിൽ കർഷകർക്ക് എപ്രകാരമുള്ള പ്രയോജനമാണ് ലഭിച്ചത്; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഒരു ലിറ്റർ പാലിന് (tonned milk) മിൽമ 23 രൂപ ഈടാക്കിയിരുന്നു. സർക്കാർ അധികാരത്തിൽ വന്നശേഷം രണ്ടു പ്രാവശ്യം പാൽവില വർദ്ധിപ്പിച്ചിട്ടുണ്ട്. രണ്ടു തവണ യായി പാൽവില 10 രൂപ വർദ്ധിപ്പിച്ചപ്പോൾ ഇതിൽ നിന്നും 9.37 രൂപ ക്ഷീരകർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇത് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രോത്സാഹനമായിട്ടുണ്ട്.

| | |
|---|---|
| (ഡി) മിൽമയുടെ വികസനത്തിനായി പുതിയ എന്തൊക്കെ പദ്ധതികൾ ക്കാണ് ഈ സർക്കാർ രൂപം നല്കിയിട്ടുള്ളത്; വ്യക്തമാക്കുമോ? | (ഡി) സംസ്ഥാനസർക്കാരിന്റെ ഭാഗികമായ സഹായത്തോടുകൂടി മിൽമയുടെ ആലപ്പുഴ ഡയറിയുടെ നവീകരണവും ആധുനികവത്കരണവും നടന്നുവരുന്നു. മിൽമയുടെ പട്ടണക്കാടും മലമ്പുഴയിലുമുള്ള കാലിത്തീറ്റ ഫാക്ടറികളിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ മൊളാസെസ് സ്റ്റോറേജ് സംവിധാനവും കാലിത്തീറ്റ നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഗോഡൗണുകളും സ്ഥാപിച്ചു. മിൽമയുടെ മലമ്പുഴയുള്ള കാലിത്തീറ്റ ഫാക്ടറിയിൽ ഒരു ബൈപ്പാസ് പ്രോട്ടീൻ യൂണിറ്റും ഇടപ്പള്ളി പ്രോഡക്ട്സ് ഡയറിയുടെ ആധുനികവത്കരണവും നവീകരണവും 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗികമായ സാമ്പത്തിക സഹായത്തോടെ നടത്തുവാനുള്ള പദ്ധതിക്കും രൂപം കൊടുത്തിട്ടുണ്ട്.<br><br>കണ്ണൂർ ജില്ലയിൽ 1 ലക്ഷം ലിറ്റർ സ്ഥാപിതശേഷിയുള്ള ഒരു പുതിയ ഡയറി കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ മലയോര വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.<br><br>ഇതുകൂടാതെ, കേന്ദ്രസർക്കാരിന്റെ ആർ.കെ.വി.വൈ എൻ.എം.പി.എസ്സ് പദ്ധതി പ്രകാരം മിൽമയുടെ എറണാകുളത്തും, കോട്ടയത്തും ഉള്ള ഡയറികളുടെ വികസനപ്രവർത്തനങ്ങളും, പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറിയുടെ ആധുനികവത്കരണവും ആലപ്പുഴ, മലമ്പുഴ, പട്ടണക്കാട് ഫാക്ടറികളുടെ ലബോറട്ടറിയുടെ നവീകരണവും കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി ഇടുക്കി ജില്ലയിലെ കട്ടപ്പന ഡയറിയുടെ ശേഷി വർദ്ധിപ്പി ക്കുന്നതിനുള്ള വികസന നടപടികളും നടപ്പിലാക്കിവരുന്നു. വയനാട് ജില്ലയിലെ കൽപ്പറ്റയിലുള്ള ഡയറിയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയും കേന്ദ്രസർക്കാരിന്റെ ആർ.എസ്സ്.വി.വൈ. പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു. നാഷണൽ ഡയറി പ്രോജക്ടിന്റെ ഭാഗമായി കന്നുകാലികൾക്കുള്ള റേഷൻ ബാലൻസിംഗ് പ്രോഗ്രാമും സംഘങ്ങളിൽ ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ മിൽമ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ.